Draft #17 of File 25338/ADB 1/2/2019/REG SECT Approved by ASSISTANT REGISTRAR II (ADMIN) on 15-Oct-2019 04:39 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

## <u>സംഗ്രഹം</u>

സർവ്വകലാശാല കാര്യാലയം - സർവ്വകലാശാല പ്രധാന കാന്റീൻ - 18.07.2019 മുതൽ 17.09.2019 വരെ പരീക്ഷണാടിസ്ഥാനത്തിൽ താൽക്കാലികമായി രണ്ടു മാസത്തേയ്ക്കുള്ള നടത്തിപ്പ് - ശ്രീമതി. രതിമോൾ.ബി യ്ക്ക് (ലക്ഷ്മി-1 കുടുംബശ്രീ യൂണിറ്റിന് വേണ്ടി) നൽകിക്കൊണ്ടുള്ള അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം ബി 1 സെക്ഷൻ**

നമ്പർ. 4894/AD B 1/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 16.10.2019

---

പരാമർശം:-i. 06.03.2019 തീയതിയിൽ കൂടിയ കാന്റീൻ ഉപദേശക സമിതി യോഗത്തിന്റെ മിനിറ്റ്സ്

ii. 03.04.2019 തീയതിലെ കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററുടെ ആമുഖ കത്തോടു കൂടി ലക്ഷ്മി 1 കുടുംബശ്രീ യൂണിറ്റ് പ്രതിനിധി സമർപ്പിച്ച അപേക്ഷയും വിലനിലവാരപട്ടികയും

iii. 17.07.2019 തീയതിയിലെ 25338/Ad.B1/2/REG SECT നമ്പറിലുള്ള സർവ്വകലാശാല കത്ത്

iv. 18.07.2019, 07.09.2019 തീയതികളിലെ 20,000/-രൂപയുടെ വീതം രണ്ട് എസ്.ബി.ഐ പേ-ഇൻ-സ്ലിപ്പുകൾ

v. 26.09.2019 തീയതിയിൽ സർവ്വകലാശാലയും ലക്ഷ്മി 1 കുടുംബശ്രീ യൂണിറ്റിന് വേണ്ടി ശ്രീമതി. രതിമോൾ. ബി യും ഒപ്പു വച്ച ധാരണാപത്രം

## <u>ഉത്തരവ്</u>

സർവ്വകലാശാല പ്രധാന കാന്റീനിന്റെ പ്രവർത്തനച്ചുമതല കുടുംബശ്രീയെ ഏൽപ്പിക്കുവാൻ പരാമർശം i) പ്രകാരം കൂടിയ കാന്റീൻ ഉപദേശക സമിതി യോഗം തീരുമാനിക്കുകയുണ്ടായി. ഗുണനിലവാരമുള്ള ഭക്ഷണം മിതമായ നിരക്കിൽ ലഭ്യമാക്കുവാൻ തയ്യാറുള്ള കുടുംബശ്രീ യൂണിറ്റുകളുടെ ലിസ്റ്റ് വിലവിവരപ്പട്ടിക സഹിതം ലഭ്യമാക്കുന്നതിനായി കോട്ടയം കുടുംബശ്രീ ജില്ലാ കോർഡിനേറ്ററോട് ആവശ്യപ്പെടുകയും ഇതിൻ പ്രകാരം കുടുംബശ്രീ ജില്ലാ കോർഡിനേറ്ററുടെ ആമുഖക്കത്തോടു കൂടി ലഭിച്ച എല്ലാ അപേക്ഷകളും കാന്റീൻ ഉപദേശക സമിതി യോഗം സൂക്ഷ്മമായി പരിശോധിക്കുകയും ചെയ്തു. ലക്ഷ്മി-1 കുടുംബശ്രീ യൂണിറ്റിന് വേണ്ടി പരാമർശം ii) പ്രകാരം ശ്രീമതി. രതിമോൾ.ബി സമർപ്പിച്ച അപേക്ഷ പരിഗണിക്കുവാനും സർവ്വകലാശാല പ്രധാന കാന്റീൻ നടത്തിപ്പിനുള്ള അനുമതി പരീക്ഷണാടിസ്ഥാനത്തിൽ താൽക്കാലികമായി രണ്ടു മാസത്തേയ്ക്ക് മാത്രം ടി കുടുംബശ്രീ യൂണിറ്റിന് നൽകുന്നതിനും 08.07.2019 ൽ കൂടിയ കാന്റീൻ ഉപദേശക സമിതി യോഗം തീരുമാനിക്കുകയുണ്ടായി.

പരാമർശം iv) പ്രകാരം ശ്രീമതി. രതിമോൾ.ബി ( ലക്ഷ്മി-1 കുടുംബശ്രീ യൂണിറ്റിന്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

വേണ്ടി) ₹40,000/- (നാല്പതിനായിരം രൂപ മാത്രം) രൂപയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് രണ്ടു ഗഡുക്കളായി സർവ്വകലാശാല ഫണ്ടിലേയ്ക്ക് ഒടുക്കിയിട്ടുണ്ട്. ഇത് കൂടാതെ നിബന്ധനകൾക്കനുസൃതമായി 200 രൂപയുടെ മുദ്രപ്പത്രത്തിൽ കരാറുകാരിയും സർവ്വകലാശാലയും തമ്മിൽ ധാരണാപത്രം ഒപ്പിടുകയും ചെയ്തിരിയ്ക്കുന്നു.(പരാമർശം-v)

മേൽ പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ശ്രീമതി. രതി മോൾ.ബി യ്ക്ക് (ലക്ഷ്മി-1 കുടുംബശ്രീ യൂണിറ്റിന് വേണ്ടി) കരാറടിസ്ഥാനത്തിൽ 18.07.2019 മുതൽ 17.09.2019 വരെയുള്ള രണ്ടു മാസ കാലയളവിലേയ്ക്ക് സർവ്വകലാശാല പ്രധാനക്യാന്റീൻ പരീക്ഷണാടിസ്ഥാനത്തിൽ നടത്തുന്നതിനുള്ള അനുമതി നൽകിക്കൊണ്ട് രജിസ്ട്രാർ(ഇൻ.ചാ.) ഉത്തരവായിരിയ്ക്കുന്നു.കാന്റീൻ നടത്തിപ്പിനായുള്ള ഈ കരാർ പൂർണ്ണമായും മേൽപ്പടി ധാരണാപത്രം പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

ഹാരീസ് പി വൈ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ശ്രീമതി. രതിമോൾ.ബി, ലക്ഷ്മി-1 കുടുംബശ്രീ യൂണിറ്റ്
2. വി.സി / പി.വി.സി യുടെ പി.എസ്
3. രജിസ്ട്രാർ / എഫ്.ഒ യുടെ പി.എ
4. എസ്റ്റേറ്റ് ഓഫീസർ
5. സർവ്വകലാശാല എൻജിനീയർ
6. സെക്യൂരിറ്റി ഓഫീസർ
7. ഓഡിറ്റ്-1
8. ഫിനാൻസ്-1
9. ജോയിന്റ് ഡയറക്ടർ, കെ.എസ്.എ.ഡി
10. കരുതൽ ഫയൽ / ഫയൽ കോപ്പി

Draft #17 of File 25338/ADB 1/2/2019/REG SECT Approved by ASSISTANT REGISTRAR II (ADMIN) on 15-Oct-2019 04:39 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം